**കേരള സർക്കാർ**

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- 'വനമിത്ര പുരസ്ക്കാരം-2010' നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം-വന്യജീവി (ഇ)) വകുപ്പ്

സ.ഉ.(സാധാ) നമ്പർ 397/10/വനം തീയതി 14.09.2010

---

പരാമർശം : 1. സ.ഉ. (സാധാ) 92/10/വനം തീയതി 06.03.2010

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) യുടെ 20.08.2010 ലെ എസ്. ഡബ്ല്യൂ 3-6503/94 നമ്പർ കത്ത്

**ഉത്തരവ്**

വനസംരക്ഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി 2009 വർഷത്തെ പ്രവർത്തനത്തെ വിലയിരുത്തി താഴെപ്പറയുന്ന 5 വിഭാഗത്തിൽപ്പെട്ടവർക്ക് 50000/- രൂപ വീതവും സർട്ടിഫിക്കേറ്റും അടങ്ങുന്ന വനമിത്ര പുരസ്ക്കാരം നൽകുന്നതിനും ഇതിന് ആവശ്യമായി വരുന്ന 2.50 ലക്ഷം രൂപ (രണ്ടര ലക്ഷം രൂപ മാത്രം) ഫോറസ്റ്റ് പബ്ലിസിറ്റി ഹെഡിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായി.

1. എന്റെ മരം പദ്ധതിയിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച ഒരു സ്ക്കൂൾ.
2. നമ്മുടെ മരം പദ്ധതിയിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച ഒരു വിദ്യാഭ്യാസ സ്ഥാപനം.
3. ഹരിത കേരളം പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ ഒരു ഗ്രാമപഞ്ചായത്ത്.
4. ഹരിത തീരം പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കിയ ഒരു TS VS;
5. വഴിയോരതണൽ പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ ഒരു സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ.

2) വനമിത്ര പുരസ്ക്കാരം 2010 നൽകുന്നതിലേക്കായി ലഭിച്ച അപേക്ഷകളും രേഖകളും പുരസ്ക്കാര നിർണ്ണയ സമിതി 31.08.2010-ൽ യോഗം ചേർന്ന് സമിതി നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് വനമിത്ര പുരസ്ക്കാരം 2010 നൽകുവാൻ സമിതി ശുപാർശ ചെയ്യുകയുമുണ്ടായി.;

I. **എന്റെ മരം പദ്ധതി**

എന്റെ മരം പദ്ധതിയിൽ 2009-10 വർഷത്തിൽ വയനാട് ജില്ലയിലെ തൈട്ടമല, ഗവ.യു.പി സ്ക്കൂളും, പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണ ഹയർ സെക്കന്ററി സ്ക്കൂൾ നല്ലേപ്പിള്ളിയും പദ്ധതി നടത്തിപ്പ് പ്രവർത്തനങ്ങളിലെ എല്ലാ മേഖലകളിലും ഒരു പോലെ ഉന്നത നിലവാരം പുലർത്തിയതായി സമിതി കണ്ടെത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ടു സ്ക്കൂളുകളെയും 'വനമിത്ര പുരസ്ക്കാരം 2010-എന്റെ മരം' പദ്ധതിയുടെ സംയുക്ത ജേതാക്കളായി തെരഞ്ഞെടുക്കുകയും ഈ രണ്ടു സ്ക്കൂളുകൾക്കും 25,000/- രൂപ വീതം തുല്യമായി വീതിച്ചുനൽകുവാൻ ശുപാർശ ചെയ്യുകയും ചെയ്തു.

II. **നമ്മുടെ മരം പദ്ധതി**

നമ്മുടെ മരം പദ്ധതിയിൽ 2008-09, 2009-10 വർഷങ്ങളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച രാമകൃഷ്ണ മിഷൻ ഹയർ സെക്കന്ററി സ്ക്കൂൾ കോഴിക്കോടിന് 50,000 രൂപയുടെ വനമിത്ര പുരസ്ക്കാരം നൽകുവാൻ സമിതി ശുപാർശ ചെയ്തു.

### III. ഹരിത കേരളം

ഹരിതകേരളം പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന് 50,000/- രൂപയുടെ പുരസ്ക്കാരം നൽകുവാൻ ശുപാർശ ചെയ്തു.

### IV. ഹരിതതീരം പദ്ധതി

ഹരിത തീരം പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ ആലപ്പുഴ ജില്ലയിലെ പുന്നപ്ര നർബോന TS VS, ന് 50,000 രൂപയുടെ വനമിത്ര പുരസ്ക്കാരം നൽകുവാൻ സമിതി ശുപാർശ ചെയ്തു.

### V. വഴിയോരതണൽ പദ്ധതി

വഴിയോരതണൽ പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ സോഷ്യൽ ഫോറസ്ട്രീ ഡിവിഷനായി നൽകുന്ന അവാർഡ് താഴെപറയുന്ന രണ്ടു സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകൾക്ക് 25000/- രൂപവീതം തുല്യമായി വീതിച്ച് നൽകുവാനും ശുപാർശ ചെയ്തു.

1. സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ പാലക്കാട്
2. സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ആലപ്പുഴ

3) വനമിത്ര പുരസ്ക്കാര സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ച് വനമിത്ര പുരസ്ക്കാരം-2010 അപ്രകാരം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
വി.പി.ജോയ്
സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. പി. സി.സി.എഫ്, തിരുവനന്തപുരം
4. പി.സി.സി.എഫ് (സോ ഫോ), തിരുവനന്തപുരം
5. പ്രിൻസിപ്പാൾ, ശ്രീകൃഷ്ണ എച്ച് എസ്സ് എസ്സ് നല്ലേപ്പിള്ളി, പാലക്കാട്
6. ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്ക്കൂൾ, തെട്ടമല, വയനാട്
7. പ്രിൻസിപ്പാൾ, രാമകൃഷ്ണ മിഷൻ എച്ച് എസ്സ്.എസ്സ് കോഴിക്കോട്
8. പ്രസിഡന്റ്, അകത്തേത്തറ ഗ്രാമപഞ്ചായത്ത്, മലമ്പുഴ ബ്ലോക്ക്, പാലക്കാട്
9. നർബോന, TS VS പുന്നപ്ര, ആലപ്പുഴ
10. അസി.ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട്
11. അസി.ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ആലപ്പുഴ
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
13. ഡയറക്ടർ. ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം (വിപുലമായ പരസ്യത്തിന്)
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ